# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :2876.

20.03.2015 -ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണം

ചോദ്യം
ശ്രീ. പി. എ. മാധവൻ.

ഉത്തരം
ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ തുക മുഴുവനായി നല്കുവാൻ സാധിക്കാത്തതിനു കാരണം വ്യക്തമാക്കാമോ ; | (എ) | കേന്ദ്ര സർക്കാർ അനുവദിക്കുന്ന Minimum Support Price ആയ കിലോയ്ക്ക് 13.60 രൂപയ്ക്ക് പുറമെ സംസ്ഥാന സർക്കാർ incentive ആയി നൽകുന്ന 5.40 രൂപയും ചേർത്ത് ഒരു കിലോ ഗ്രാം നെല്ലിന് 19 രൂപ നൽകിയാണ് സപ്ലൈകോ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. നടപ്പ് സീസണിൽ സംഭരിച്ച നെല്ല് വില കാലതാമസം കൂടാതെ നൽകി വരുന്നു. |
| (ബി) | നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക ഉടനെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (ബി) | നെല്ല് സംഭരിച്ച ശേഷം കർഷകർക്ക് നെൽവില ലഭ്യമാക്കുന്നതിനായി സപ്ലൈകോ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും, പാലക്കാട്, തൃശ്ശൂർ, ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം , കർഷകരുടെ അക്കൌണ്ടുകളിലേയ്ക്ക് നൽകി വരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈക്കോയാണ്. കൂടാതെ ബാങ്കുകളിൽ നിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽവില നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | നെല്ല്, കരാറിലേർപ്പെട്ട മില്ലുകാർ സ്വീകരിച്ച കഴിഞ്ഞ് പേയ്മെന്റ് കർഷകരുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നത് വരെയുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിന് (മില്ലുകൾ സ്റ്റോക്ക് accept ചെയ്ത്, പാഡി മാർക്കറ്റിംഗ് ഓഫീസർ PRS വേരിഫൈ ചെയ്ത്, പാഡി പേയ്മെന്റ് ഓഫീസർ authorize ചെയ്ത് ഓരോ കർഷകരുടേയും തുക ബാങ്ക് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത് വരെ) ഏകദേശം 10 ദിവസം വേണ്ടി വരും. ഈ കാലതാമസം മാത്രമാണ് നടപ്പ് സീസണിൽ നെൽവില നൽകുന്നതിന് വരുന്നത്. |

സെക്ഷൻ ഓഫീസർ.